ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

513 [713] ശ്രീ. ജി. വരദൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ നടത്തിപ്പിൽ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം അഴിമതികൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ വർഷത്തെ കോഴ്സിന് പ്രവേശനം നേടിയവർ ഏതേത് ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നവരാണെന്ന വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

പുതിയ വിദ്യാഭ്യാസ ജില്ലകൾ

514 [715] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണപരമായ ആവശ്യം കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്.

പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകൾക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കാൻ നടപടി

515 [716] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകളായ കുറവിപ്പാങ്ങാട്, വഞ്ചിവയൽ എന്നിവയ്ക്ക് സ്ഥിരം കെട്ടിടം ഇല്ലെന്നും ഇപ്പോൾ ഉള്ള കെട്ടിടം തകർന്നു വീഴാറായതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന്റെ കാലതാമസം വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VIII

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ [713] കാണുക

1. പബ്ലിക് ലൈബ്രറി, ഇടമൺ
2. പീപ്പിൾസ് ലൈബ്രറി, മേച്ചയിൽ
3. ആമ്പാടി ഗ്രന്ഥശാല, ഐൻകാമം
4. ഗ്രാമീണ വായനശാല, കാഞ്ഞിരമറ്റം
5. വനിതാസമാജം ഗ്രന്ഥശാല, നട്ടാശ്ശേരി.
6. വൈ. എം. എ. ലൈബ്രറി, ചാക്ക.
7. മത്യാസ് സ്മാരക ഗ്രന്ഥശാല, അഞ്ചു മരംകാല.
8. ജയശ്രീ ലൈബ്രറി, പോങ്ങുംമ്മൂട്.
9. ജവഹർ ലൈബ്രറി, അരിനല്ലൂർ.
10. ജ്ഞാനോദയം പബ്ലിക് ലൈബ്രറി, കുന്നിക്കോട്.
11. പ്രോഗ്രസീവ് ലൈബ്രറി, മങ്കാവുവിള.
12. അശോകാസ്മാരക ഗ്രന്ഥശാല, കോട്ടുകാൽകോണം.
13. മഹാത്മാ ഗ്രാമീണവായനശാല, ആയാംകുടി.
14. എസ്. എൻ. പോളിടെക്നിക്, കൊട്ടിയം
15. ശ്രീ. ശങ്കരവിദ്യാപീഠം, എഴുകോൺ
16. എം. ഇ. എസ്. കല്ലടികോളേജ്, മണ്ണാർക്കാട്.
17. സെൻറ് സേവ്യേഴ്സ് കോളേജ്, വൈയ്ക്കം.
18. രാജഗിരി കോളേജ്, കളമശ്ശേരി.
19. എം. ഇ. എസ്. കോളേജ്, മമ്പാട്.
20. എൻ. എസ്. എസ്. ഹോമിയോ കോളേജ്, നേമം.
21. ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട.
22. ഗുരുവായൂരപ്പൻ കോളേജ്. കോഴിക്കോട്.
23. സെൻറ് മേരീസ് കോളേജ്, സുൽത്താൻബത്തേരി.
24. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
25. ലാ കോളേജ്, തിരുവനന്തപുരം,
26, 27, 28. ലക്ഷദ്വീപിൽ നിന്ന് അവിടത്തെ സർക്കാർ. തെരഞ്ഞെടുത്ത മൂന്നുപേർ.

LIBRARY ARCHIVES Kerala Legislative Assembly